DESPATCHED On 25/6/21

22/6/21

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 296(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.3826/SIC-Gen4/2021**

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി – 2021 ജൂൺ 22

ശ്രീ. സതീശൻ ടി.,
പുത്തൻപുരയിൽ ത്രിവേണി ഹൗസ്,
പേരാമ്പ്ര പി.ഒ.,
കോഴിക്കോട് – 673 525.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി സെക്രട്ടറി,
   ആഭ്യന്തര (സി) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   രജിസ്ട്രാറുടെ കാര്യാലയം
   (സബോഡിനേറ്റ് ജുഡിഷറി),
   കേരള ഹൈക്കോടതി, കൊച്ചി.
3. അപ്പീൽ അധികാരി &
   ജോയിന്റ് സെക്രട്ടറി,
   ആഭ്യന്തര (സി) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 28.9.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.10.2020 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 5.11.2020 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 2.12.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.3.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 18.3.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.3.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 18.6.2021 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 22.6.2021 (ഓഡിയോ) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സതീശൻ ടി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതെ അപേക്ഷ കേരള ഹൈക്കോടതിയിലേക്ക് കൈമാറിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടി വിവരാവകാശ നിയമ പ്രകാരം ശരിയല്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 28.9.2020 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, “ 2013 ലെ മുനിസിഫ് മജിസ്ട്രേറ്റ് ട്രെയിനികളുടെ സെലക്ഷനുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്നും 31.10.2014, 1.11.2014 എന്നീ തീയതികളിൽ ആഭ്യന്തര (സി) വകുപ്പിലേക്ക് റൊട്ടേഷൻ ലിസ്റ്റ്, റിവൈസ്ഡ് റൊട്ടേഷൻ ലിസ്റ്റ് എന്നിവ അയച്ചു കൊണ്ടുള്ള കവറിംഗ് ലെറ്ററിന്റെ പകർപ്പുകൾ ലഭ്യമാക്കണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും ആയത് ലഭ്യമാണെങ്കിൽ ടിയാന് നേരിട്ട് നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് കേരള ഹൈക്കോടതി സബോർഡിനേറ്റ് രജിസ്ട്രാറുടെ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെന്നുമാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ മൂന്നാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ടി അപ്പീൽ ഹർജി തീർപ്പാക്കി മൂന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ 2013–2014 വർഷങ്ങളിലെ ഫയലുമായി ബന്ധപ്പെട്ടിട്ടുള്ളതാണെന്നും ആയതിൽ ഹൈക്കോടതി സർക്കാരിലേയ്ക്ക് ലഭ്യമാക്കിയ കവറിംഗ് ലെറ്ററിന്റെ പകർപ്പാണ് ആവശ്യപ്പെട്ടിരുന്നത് എന്നും ആയത് കണ്ടെത്തുന്നതിന് ആവശ്യമായ കത്തിന്റെ നമ്പറോ തീയതിയോ ആയതുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ നമ്പറോ വിവരാവകാശ അപേക്ഷയിൽ ലഭ്യമാക്കിയിട്ടില്ലായിരുന്നെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഹൈക്കോടതിയിൽ നിന്നും സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണെന്ന് അപേക്ഷയിൽ ബോധിപ്പിച്ചിട്ടുള്ളതിനാലാണ് ഹൈക്കോടതിയിൽ നിന്നും ആയതിന്റെ പകർപ്പ് നേരിട്ട് ലഭ്യമാക്കുന്നതിന് അപേക്ഷ ഹൈക്കോടതിയിലേക്ക് അയച്ചിട്ടുള്ളതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കണ്ടെത്തുന്നതിന്

സഹായകരമായ വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം നൽകുന്നതിന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹജരാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ 2.12.2020 ന് ടിയാന് ലഭ്യമാക്കിയിട്ടുണ്ടെന്നാണ്.

5. മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹജരാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 28.9.2020 തീയതി വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ 2013–2014 കാലഘട്ടത്തിലുള്ളവയായതിനാലും ആ സമയത്ത് ഇ-ഫയലിംഗ് രീതിയല്ലാതിരുന്നതിനാലും ബന്ധപ്പെട്ട പേഴ്സണൽ രജിസ്റ്റർ പരിശോധിച്ചുവെങ്കിലും കൃത്യമായ സർക്കാർ ഉത്തരവ് നമ്പരോ ഫയൽ നമ്പരോ ലഭ്യമാകാത്തതിനാലും 6 വർഷം പഴക്കം ചെന്ന വിഷയമായതിനാലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കണ്ടെത്താനായില്ലെന്നും ആയതിനാൽ അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ മുൻസിഫ് മജിസ്ട്രേറ്റ് നിയമനം സംബന്ധിച്ചായതിനാലും ടി വിവരങ്ങൾ ഹർജിക്കാരന് ലഭിക്കാനുള്ള സാധ്യത പരിഗണിച്ചും ആയത് ഹൈക്കോടതി പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പക്കൽ ലഭ്യമാണെങ്കിൽ ഹർജിക്കാരന് നേരിട്ട് നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് 16.10.2020–ലെ സി5/182/2020/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ഹൈക്കോടതി എസ്.പി.ഐ.ഒ ക്ക് അയച്ചു കൊടുത്തിരുന്നു എന്നും എന്നാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ലെന്ന് കാണിച്ച് 5.11.2020 തീയതി അപ്പീൽ സമർപ്പിക്കുകയും ആയതിന് 2.12.2020 തീയതി സി5/182/2020/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ടിയാൻ ആവശ്യപ്പെട്ട രേഖകൾ കണ്ടെത്തുന്നതിന് സഹായകരമായ വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് മേൽ രേഖകളുടെ പകർപ്പുകൾ അപേക്ഷകന് ലഭ്യമാക്കുന്നതിന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകിയിരുന്നു എന്നും എന്നാൽ ഹർജിക്കാരൻ ആവശ്യമായ രേഖകൾ കണ്ടെത്തുന്നതിന് സഹായകരമായ വിവരങ്ങൾ ഒന്നും തന്നെ എസ്.പി.ഐ.ഒ.ക്ക് സമർപ്പിക്കാതെ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതാണെന്നുമാണ്. തുടർന്ന് മുൻസിഫ് മജിസ്ട്രേറ്റ് നിയമനവുമായി ബന്ധപ്പെട്ട് വകുപ്പിൽ ലഭ്യമായ എല്ലാ രേഖകളും വീണ്ടും പരിശോധിക്കുകയും മേൽ നടത്തിയ പരിശ്രമത്തിൽ മുൻസിഫ് മജിസ്ട്രേറ്റ് 2013 സെലക്ഷനുമായി ബന്ധപ്പെട്ട ഉത്തരവുകൾ പരിശോധിക്കുകയും ആയത് കണ്ടെത്തിയതിനെ തുടർന്ന് ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ (104 പേജുകൾ) 6.5.2021 ലെ സി5/89/2021/ആഭ്യന്തരം കത്ത് മുഖേന ഫീസ് ഈടാക്കാതെ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നുമാണ്.

6. എതിർകക്ഷികൾ ലഭ്യമാക്കിയ വിശദീകരണങ്ങൾ പൂർണ്ണമായും തൃപ്തികരമല്ല. എന്നാൽ വിവരാവകാശ അപേക്ഷ പ്രകാരം ലഭ്യമാക്കേണ്ടിയിരുന്ന രേഖകൾ കൃത്യമായ സർക്കാർ ഉത്തരവ് നമ്പർ, നോട്ടിഫിക്കേഷൻ നമ്പർ തുടങ്ങിയ വിവരങ്ങൾ അപേക്ഷയിൽ ഇല്ലാതിരുന്നതിനാലാണ് ബന്ധപ്പെട്ട ഫയൽ കണ്ടെത്താൻ സാധിക്കാതിരുന്നത് എന്നത് പരിഗണിച്ചും, വിവരാവകാശ നിയമം സെക്ഷൻ 6(3) പ്രകാരം ടിയാന്റെ അപേക്ഷയുടെ പകർപ്പ് സമയബന്ധിതമായി രണ്ടാം എതിർകക്ഷിയ്ക്ക് അയച്ചുകൊടുത്തത് ഹർജിക്കാരന് മറുപടി ലഭിക്കണം എന്ന ഉത്തമ വിശ്വാസത്തിലായിരുന്നു എന്നത് പരിഗണിച്ചും ലഭ്യമായ രേഖകൾ ടിയാന് ഫീസ് ഈടാക്കാതെ നൽകിയിട്ടുള്ളത് പരിഗണിച്ചും ഇക്കാര്യത്തിൽ മറ്റു നടപടികൾ കമ്മീഷൻ സ്വീകരിക്കുന്നില്ല. എന്നാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും, ബന്ധപ്പെട്ട ഫയൽ ഡിസ്പോസൽ നേരിട്ട് പരിശോധിച്ച് ആവശ്യമായ പകർപ്പ് സൗജന്യമായി നൽകുന്നതിന് എല്ലാ സഹായങ്ങളും അപ്പീൽ ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ജൂൺ 22–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Bur

കമ്മീഷൻ സെക്രട്ടറി

bnk

RIGHT TO INFORMATION